# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -880  30.06.2011 ൽ മറുപടിക്ക്

**വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ | ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ ഭരണാനുമതി നല്കിയതിനു ശേഷം പണി തുടങ്ങാനാവാത്തതും പൂർത്തിയാക്കാനാവാത്തതുമായ വിവിധ പ്രവൃത്തികളുടെ ലിസ്റ്റ് വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ ; | (എ) വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ കാച്ചാണി - നെട്ടയം വട്ടിയൂർക്കാവ് - അറപ്പുര- പിറ്റിപി- വേട്ടമുക്ക് പള്ളിമുക്ക് റോഡിന്റെ പണിയാണ് പൂർത്തികരിക്കുവാനുള്ളത്. മേൽ റോഡിന്റെ റോഡ്മാർക്കിംഗ്, മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ എന്നിവയാണ് അവശേഷിക്കുന്ന പണികൾ മേൽപടി പണിയുടെ 98% ഇതുവരെ പൂർത്തികരിച്ചിട്ടുണ്ട്. മറ്റു പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള പട്ടിക അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) മുൻപറഞ്ഞ പ്രവൃത്തികൾ മുടങ്ങി കിടക്കുന്നതിനുള്ള കാരണം എന്തൊക്കെയാണ് ; | (ബി) പ്രതികൂല കാലാവസ്ഥ കാരണമാണ് പ്രവൃത്തികൾ മുടങ്ങികിടക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ ഇനം തിരിച്ച് ലഭ്യമാക്കുമോ ; | (സി) മഴ മാറുന്ന മുറയ്ക്ക് പണികൾ എല്ലാംതന്നെ എത്രയും പെട്ടെന്ന് പൂർത്തികരിക്കുന്നതാണ്. |

| | |
|---|---|
| (ഡി) വട്ടിയൂർക്കാവ് മണ്ഡലത്തിലെ ഭരണാനുമതി നൽകുന്നതിനായി പരിഗണനയിലിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ? | (ഡി) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിക്കുന്നതിനായി പരിഗണനയിലുള്ള പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ